**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ട്രിഡ - തിരുവനന്തപുരം വികസന അതോറിറ്റിയുടെ പ്രവർത്തന പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ ട്രിഡയ്ക്ക് നൽകേണ്ട അംശാദായം (സെന്റേജ് ചാർജ്) ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ഗഡുക്കളായി കുറവ് ചെയ്ത് ഒടുക്കുവരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ.)നം.2728/2015/തസ്വഭവ. തിരുവനന്തപുരം,തീയതി: 08/09/2015.

---

പരാമർശം: 1. 29.12.2014 ലെ സ.ഉ (സാധാ) നം. 3478/2014/തസ്വഭവ നമ്പർ ഉത്തരവ്.
2. പഞ്ചായത്ത് ഡയറക്ടറുടെ 17.04.2015, 10.08.2015 എന്നീ തീയതികളിലെ എഫ് 3- 5828/15 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വികസന അതോറിറ്റിയുടെ പരിധിയിൽ വരുന്ന കല്ലിയൂർ, വെങ്ങാനൂർ, പള്ളിച്ചൽ, വിളപ്പിൽ, വിളവൂർക്കൽ എന്നീ ഗ്രാമ പഞ്ചായത്തുകൾ സെന്റേജ് ചാർജ്ജിനത്തിൽ ട്രിഡയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക ടി പഞ്ചായത്തുകളുടെ വാർഷിക ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത് ട്രിഡയ്ക്ക് നൽകുന്നതിന് പരാമർശം ഒന്ന് പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സെന്റേജ് ചാർജിനത്തിൽ ട്രിഡയ്ക്ക് നൽകാനുള്ള തുക ഒറ്റത്തവണ കുറവ് ചെയ്യുന്നത് പഞ്ചായത്തുകളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ ടി തുക ഗ്രാമപഞ്ചായത്തുകളുടെ ജനറൽ പർപ്പസ് ഫണ്ടിൽനിന്നും ഗഡുക്കളായി കുറവ് ചെയ്ത് ഒടുക്ക വരുത്തുന്നതിന് അനുമതി നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 - പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം വികസന അതോറിറ്റിയുടെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ നിന്നും ട്രിഡയ്ക്ക് ലഭിയ്ക്കാനുള്ള സെന്റേജ് ചാർജ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ ജനറൽ പർപ്പസ്

ഫണ്ടിൽനിന്നും ഗഡുക്കളായി കുറവ് ചെയ്ത് ഒടുക്കുവരുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),**
**എൻ.വിശ്രുതൻ ആചാരി,**
**ഗവ. അണ്ടർ സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
സെക്രട്ടറി, വിളവൂർക്കൽ/വിളപ്പിൽ/വെങ്ങാനൂർ/പള്ളിച്ചൽ/കല്ലിയൂർ, ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തസ്വഭവ (ഡി.സി/എഫ്.എം) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ബി/എൽ.ബി.എ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**